ഈ പറഞ്ഞ ത്യാഗവും സേവനവും അനുഭവിച്ചതിന്റെ ഫലമായി വളർ വന്നിട്ടുള്ള പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. അനേകം ആളുകൾ ജീ നൽകിയിട്ടുണ്ട്. രക്തം ഒഴുക്കിയിട്ടുണ്ട്. അങ്ങനെയെല്ലാം വളർന്നുവ ഒരു പാർട്ടിയാണ് ഈ പാർട്ടി. ത്യാഗം അനുഭവിച്ചവരുടെ കഥ നിങ്ങൾക്ക കേൾക്കണോ? 'സ്ത്രീ' എന്ന നിലയ്ക്ക് ശ്രീമതി ഗൗരിയമ്മ അനുഭവിച്ച ത്യാഗത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ. സ്ത്രീകൾ അനുഭവിക്കേണ്ടിവന്ന ത്യാഗത്തിന്റെ കഥകൾ നിങ്ങൾക്ക് കേൾക്കണോ? അതിന് നിങ്ങൾ തൽപരരല്ല എന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ പ്രസംഗത്തിന്റെ അവസാന ഭാഗത്തുള്ള 'ഈ ഗവൺമെന്റിന് ജാനുസ് എന്ന റോമൻ ദേവതയെപ്പോലെ മുന്നോട്ടും പിമ്പോട്ടും നോക്കാനുള്ള കഴിവുണ്ട്'' എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ജാനുസ് എന്ന ദേവതയെയല്ല ഗ്രീക്ക് പുരാണത്തിലെ ''ഡിഫോൺ'' എന്ന സത്വത്തെയാണ് ഓർമ്മിപ്പിക്കുന്നത്. അരയ്ക്കുതാഴെ പെരുമ്പാമ്പിന്റെ രൂപം, കൈകളുടെ സ്ഥാനത്ത് അനേകം സർപ്പങ്ങളാണ്. 100 കാതം നീളമുണ്ട്. എങ്ങോട്ടും തിരിയാം. മുമ്പോട്ടും തിരിയാം. പിമ്പോട്ടും തിരിയാം. ഇപ്പോൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തിയുണ്ടല്ലോ-കൈകൾ നീട്ടി ഇഷ്ടംപോലെ വാങ്ങിക്കുക എന്നുള്ളത്—ആ കാര്യത്തിന് ചേരുന്നത് ആ സത്വമാണ്. ജനങ്ങൾ ഭയപ്പെട്ട ഒരു സത്വമായിരുന്നു ഡിഫോൺ. ആ ഡിഫോണിന്റെ ശിരസ് കഴുതയുടെ തലയ്ക്ക് സമമായിരുന്നു. അതാണ് നിങ്ങൾക്ക് ചേരുക. ജാനുസ് അല്ല ഡിഫോൺ എന്നു മാത്രം ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

# VIII റൂളിംഗ്

## VIII മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ—കാലതാമസം സംബന്ധിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്

മി. സ്പീക്കർ: മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ യഥാസമയം വയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിനേയും ഇക്കാര്യത്തിലുള്ള റൂളിംഗ് അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതിനേയും പററി ബഹു: അംഗങ്ങൾ ഇന്ന് ആക്ഷേപം ഉന്നയിക്കുകയുണ്ടായി.

കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം അതിനുള്ള കാരണം കാണിക്കുന്ന സ്റേറററ്മെൻറുകൂടി നൽകണമെന്ന് 6-3-1992-ൽ റൂളിംഗ് നൽകിയിരുന്നു. 24-3-1992-ൽ ഈ റൂളിംഗ് ആവർത്തിക്കുകയുണ്ടായി. 25-3-1992-ൽ ഇക്കാര്യം ചീഫ് സെക്രട്ടറിയെ അറിയിക്കുകയും ഗവൺമെൻറ് സെക്രട്ടറിമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വീണ്ടും 24-6-1993-ൽ ഈ റൂളിംഗ് ആവർത്തിച്ചു. എന്നിട്ടും മേശപ്പുറത്ത് കടലാസ് വയ്ക്കുന്നതിൽ കാലതാമസം വരുത്തിയപ്പോൾ അതിനുള്ള കാരണം കാണിക്കുന്ന സ്റേറററ്മെൻറ് നൽകുന്നതിൽ വീഴ്ച വരുത്തിയതിനെ ഗൗരവപൂർവ്വം കാണാതിരിക്കാൻ വയ്യ.

മേശപ്പുറത്ത് കടലാസുകൾ വയ്ക്കുന്നതിന് കാലതാമസം വരുത്തുന്ന പക്ഷം അതിനുള്ള കാരണം കാണിക്കുന്ന സ്റേറററ്മെൻറ് കൂടെ കൂട്ടത്തിൽ നൽകിയില്ലെങ്കിൽ അങ്ങനെയുള്ള കടലാസുകൾ നിയമസഭാ സെക്രട്ടേറിയററിൽ സ്വീകരിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

എസ്. ആർ. ഒ. മേശപ്പുറത്ത് വയ്ക്കുവാൻ കാലതാമസം വരുത്തുന്നതുമൂലം സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയുടെ പ്രവർത്തനത്തിന് വിഘാതമുണ്ടാകുമെന്ന ആക്ഷേപത്തിൽ കഴമ്പില്ല. അവ ഗസററിൽ വന്നാൽ ഉടൻതന്നെ അവയുടെ കോപ്പി ഗവൺമെൻറ് പ്രസ്സിൽ നിന്നും നിയമസഭാ സെക്രട്ടേറിയററിൽ എത്തും. അവ ഗസററിൽ പ്രസിദ്ധീകരിച്ചാലുടനെ എസ്. ആർ. ഒ. രജിസ്ററിൽ ചേർത്ത് അവ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടോ എന്ന് പരിശോധിക്കേണ്ടത് സബോർഡിനേററ് ലജിസ്ലേഷൻ കമ്മിററിയുടെ ഉത്തരവാദിത്വവുമാണ്.

കാലവിളംബം കൂടാതെ അവ മേശപ്പുറത്ത് വച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക് ഹാനികരമായുള്ള വ്യവസ്ഥകൾക്ക് ഭേദഗതി നൽകുവാനും അവ റദ്ദാക്കുവാനും കഴിയുകയുള്ളു. റൂൾ 166 അനുസരിച്ച് എസ്. ആർ. ഒ. പുറപ്പെടുവിച്ചാലുടനെ വരുന്ന നിയമസഭാ സമ്മേളനത്തിൽത്തന്നെ ബന്ധപ്പെട്ട മന്ത്രി അവ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ഇററ് അടിയന്തിരപ്രമേയ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ പറഞ്ഞ 'സ്പീക്കർ പക്ഷപാതപരമായി പെരുമാറി'............എന്നു മുതൽ 'ഈ സ്വഭാവം മാററണം' എന്നുവരെയുള്ള ഭാഗം സഭാ രേഖകളിൽനിന്നും നീക്കം ചെയ്തിരിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻെറ ഇന്നത്തെ പ്രസംഗത്തിലെ ചില ഭാഗങ്ങൾ റൂൾ 307-ൻെറ പരിധിയിൽ വരുന്നതിനാൽ അവ പരിശോധിച്ച് അത്രയും ഭാഗം രേഖയിൽനിന്നും നീക്കം ചെയ്യുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1994 ജനുവരി 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.57-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly